# പതിനഞ്ചാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## ബഹു സ്പീക്കറുടെ റൂളിംഗ്

11-08-2021

### (13) ബില്ലിന്റെ ഭരണഘടനാ സാധുത

2021 ആഗസ്റ്റ് 11-ാംതീയതി നിയമനിർമ്മാണവേളയിൽ, 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബിൽ പാസ്സാക്കുന്നതിനുമുമ്പ് പുതുക്കിയ ധനകാര്യ മെമ്മോറാണ്ടം സർക്കുലേറ്റ് ചെയ്യേണ്ടതും ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ എക്സ്പെൻഡീച്ചർ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണെന്നും റെക്കറിംഗ് ആന്റ് നോൺ റെക്കറിംഗ് എക്സ്പെൻഡീച്ചർ ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്നും പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുമ്പോൾ രൂപപ്പെടാവുന്ന ആവർത്തകവും അനാവർത്തകവുമായ ചെലവുകളെയും യോഗ്യതയില്ലാത്ത അദ്ധ്യാപകരെ നിയമിച്ചതും സംബന്ധിച്ച് വ്യക്തമാക്കണമെന്ന് പ്രതിപക്ഷനേതാവും 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബില്ലിലെ പല വ്യവസ്ഥകളും 2015-ലെ എ.പി.ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ആക്ടിന് സമാനമാണെന്നും പ്രസ്തുത ആക്ടിൽ ഭേദഗതി വരുത്താതെ സമാന

വ്യവസ്ഥകളോടെ ഒരേ അധികാരപരിധിയിൽ പ്രവർത്തിക്കാൻ അനുമതി നൽകുന്നതിനായി കൊണ്ടുവരുന്ന ഈ ബിൽ ക്രമപ്രകാരമല്ലെന്നും 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതന വിദ്യാ സർവ്വകലാശാല ബില്ലിലെ വ്യവസ്ഥകൾ ഇന്ത്യൻ ഭരണഘടനയ്ക്ക് വിരുദ്ധമാണെന്നും ഇത്തരമൊരു നിയമം കൊണ്ടുവരുമ്പോൾ പഴയ നിയമത്തിൽ മാറ്റം വരുത്തിയില്ലെങ്കിൽ ഒരേ കാര്യനിർവ്വഹണത്തിന് രണ്ട് നിയമങ്ങളുണ്ടെന്നുള്ള പ്രശ്നമുണ്ടാകുമെന്നും ഗവേഷണത്തിലൂടെയും കൺസൾട്ടിംഗിലൂടെയും ബൗദ്ധിക സ്വത്തുണ്ടാക്കുകയും ധനസമ്പാദനം നടത്തുകയും ചെയ്യുമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യാൻ പാടില്ലാത്തതാണെന്നും നിർദ്ദിഷ്ട സർവ്വകലാശാലയുടെ വ്യാപ്തി വ്യക്തമാക്കുന്ന ഭൂപ്രദേശ പരിധിയെക്കുറിച്ച് ബില്ലിൽ വ്യക്തമാക്കിയിട്ടില്ലാത്തതും ധനകാര്യ മെമ്മോറാണ്ടത്തിൽ ആവർത്തന ചെലവ് എത്രയാണെന്ന് സൂചിപ്പിക്കാത്തതും നിയമപരമായ ന്യൂനതയാണെന്നും ആയതിനാൽ ബില്ലിന് അവതരണാനുമതി നൽകരുതെന്ന് പ്രതിപക്ഷത്തെ ചില അംഗങ്ങൾ ക്രമപ്രശ്നം ഉന്നയിച്ചു.

ഇവിടെ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നങ്ങൾ ബില്ലിന്റെ ഉള്ളടക്കത്തെ പരാമർശിക്കുന്നവയായതിനാൽ സബ്ജക്ട് കമ്മിറ്റിയിലും സഭാതലത്തിലും ചർച്ച ചെയ്ത് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ഡിജിറ്റൽ രംഗത്തെ ബിരുദാനന്തര പഠനത്തിനും ഗവേഷണത്തിനുമാണ്

സർവ്വകലാശാല പ്രാധാന്യം നൽകുന്നതെന്നും പ്രോജക്ടുകൾ, കൺസൾട്ടൻസി, പേറ്റന്റ്, ഭൗതിക സ്വത്തവകാശം ഇവയുടെ ഭാഗമായുള്ള വരുമാനത്തിൽ നിന്നാണ് സർവ്വകലാശാലകളുടെ ആവർത്തനച്ചെലവ് കണ്ടെത്തുന്നതെന്നും ഓർഡിനൻസ് പ്രകാരം പ്രവർത്തനമാരംഭിച്ച ഈ സർവ്വകലാശാലയ്ക്ക് യു.ജി.സി./എ.ഐ.സി.ടി.ഇ. അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും നിയമനങ്ങളൊന്നും നടത്തിയിട്ടില്ലെന്നും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരളയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർക്കാണ് അഡീഷണൽ ഡ്യൂട്ടി കൊടുത്തിട്ടുള്ളതെന്നും വിജ്ഞാനമേഖലയിൽ തുടർച്ചയായുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് അപ്ഡേറ്റ് ചെയ്യാനുള്ള കോഴ്സുകൾകൂടി ഈ സർവ്വകലാശാലയിൽ വിഭാവനം ചെയ്തിട്ടുണ്ടെന്നും നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി +.

"ഒരു ബിൽ സഭയിൽ അവതരിപ്പിക്കുമ്പോൾ ക്രമപ്രശ്നമായോ തടസ്സവാദമായോ ഉന്നയിക്കാറുള്ളത് പ്രസ്തുത ബിൽ പരിഗണിക്കാൻ സഭയ്ക്ക് ഭരണഘടനാപരമായ അധികാരമുണ്ടോയെന്നും ബില്ലിന്റെ ഘടനയിൽ നിർബന്ധമായും ഉണ്ടാകേണ്ട ഘടകങ്ങൾ ചേർത്തിട്ടുണ്ടോയെന്നും അവ

പര്യാപ്തമാണോയെന്നുമുള്ള കാര്യങ്ങളെ സംബന്ധിച്ചാണ്. മറ്റ് കാര്യങ്ങൾ ബില്ലിന്റെ വിശദമായ പരിഗണനാവേളയിൽ ബന്ധപ്പെട്ട കമ്മിറ്റിയിലും പിന്നീട് സഭാതലത്തിലും പരിഗണിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ് കീഴ്വഴക്കവും നടപടിക്രമവും. അതുകൊണ്ടുതന്നെ ബില്ലിന്റെ അവതരണവേളയിൽ അതിലെ ഉള്ളടക്കത്തെക്കുറിച്ച് ഉന്നയിച്ച ക്രമപ്രശ്നങ്ങൾ നിലനിൽക്കുന്നതല്ല.

ബില്ലിൽ അവശ്യം ചേർത്തിരിക്കേണ്ട ധനകാര്യ മെമ്മോറാണ്ടത്തെ സംബന്ധിച്ച് സഭയിൽ ഉയർന്നിട്ടുള്ള ആക്ഷേപങ്ങളിൽ വ്യത്യസ്തങ്ങളായ റൂളിംഗുകൾ ഉണ്ടായിട്ടുണ്ട്. ബില്ലിൽ ഫിനാൻഷ്യൽ മെമ്മോറാണ്ടമോ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ എക്സ്പെൻഡിച്ചറോ പറഞ്ഞില്ലെങ്കിലും ബില്ലിന്റെ അവതരണം ഓർഡറിലാണെന്നും ബില്ലിൽ റെക്കറിംഗ് ആൻഡ് നോൺ-റെക്കറിംഗ് എക്സ്പെൻഡിച്ചർ വ്യക്തമായി ധനകാര്യ മെമ്മോറാണ്ടത്തിൽ കാണിച്ചിരിക്കണമെന്നും റൂളിംഗ് ഉണ്ടായിട്ടുണ്ട്. ബില്ലിന് രൂപം നൽകുമ്പോൾത്തന്നെ പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുമ്പോൾ രൂപപ്പെടാവുന്ന ആവർത്തകവും അനാവർത്തകവുമായ ചെലവുകളെ സംബന്ധിച്ച് വ്യക്തതയോടെ ധനകാര്യ മെമ്മോറാണ്ടത്തിൽ ചേർക്കുകയാണ് ചെയ്യുന്നത്.

നിയമസഭ പാസ്സാക്കിയ 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ

യൂണിവേഴ്സിറ്റി ബില്ലിന്റെ ധനകാര്യ മെമ്മൊറാണ്ടത്തിൽ ആവർത്തകവും അനാകവർത്തകവുമായ ചെലവുകളെ സംബന്ധിച്ച് പരാമർശിച്ചിരുന്നു. ബില്ലുകളിലെ ധനകാര്യ മെമ്മോറാണ്ടത്തെ സംബന്ധിച്ച് അത്തരം മാതൃക സ്വീകരിക്കുന്നതായിരിക്കും ഉചിതം. ആയതിനാൽ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

*********